**പതിനാലാം കേരള നിയമസഭ**

**അഞ്ചാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത** **05.05.2017-ൽ മറുപടിയ്ക്ക്**

**ചോദ്യം നം. 2149**

**മത്സ്യബന്ധന ബോട്ടുടമകൾക്ക് നഷ്ടപരിഹാരം**

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | **ശ്രീ.റ്റി.വി. രാജേഷ്** | | **ശ്രീമതി. ജെ.മേഴ്സിക്കുട്ടി അമ്മ** (മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പമന്ത്രി) |
| (എ) | മത്സ്യബന്ധനത്തിലേർപ്പെട്ടിരിക്കുന്നവരുടെ ബോട്ടും വള്ളവും മത്സ്യബന്ധനോപകരണങ്ങളും നഷ്ടപ്പെട്ടാൽ, നഷ്ടപരിഹാരം നൽകുന്നതിനുള്ള പദ്ധതി നിലവിലുണ്ടോ; അവരുടെ മുഴുവൻ നഷ്ടവും നൽകുന്നതിന് നിലവിലുള്ള പദ്ധതി പര്യാപ്തമാണോ; വിശദാംശം നൽകുമോ; | (എ) | മത്സ്യബന്ധനത്തിലേർപ്പെട്ടിരിക്കുന്നവരുടെ ബോട്ടും വള്ളവും മത്സ്യബന്ധന ഉപകരണങ്ങളും നഷ്ടപ്പെട്ടാൽ നഷ്ടപരിഹാരം നൽകുന്നതിന് ഫിഷറീസ് വകുപ്പിന് നിലവിൽ പദ്ധതികളില്ല. അതിനാൽ ഇത്തരം സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടാൽ അതിൻമേലുള്ള റിപ്പോർട്ട് ബന്ധപ്പെട്ട ജില്ലാ കളക്ടർക്ക് നൽകുകയും SDRF/NDRF (സംസ്ഥാന/ ദേശീയ ദുരന്ത നിവാരണ നിധി) നിധിയിൽ നിന്നും കടൽക്ഷോഭത്തിൽ മത്സ്യബന്ധനയാനം പൂർണ്ണമായി തകർന്നവർക്ക് 9600/- രൂപയും ഭാഗികമായി നഷ്ടമുണ്ടായാൽ 4100/- രൂപയും വല പൂർണ്ണമായും നശിച്ചവർക്ക് 2600/- രൂപയും ജില്ലാ കളക്ടർ നൽകി വരുന്നു.<br>കൂടാതെ കടൽക്ഷോഭത്തെ തുടർന്ന് മഴക്കാലത്ത് വള്ളം, വല തുടങ്ങിയ മത്സ്യബന്ധന ഉപാധികൾ നഷ്ടപ്പെട്ട, മത്സ്യബന്ധനത്തിൽ ഏർപ്പെട്ടിരുന്ന സംഘങ്ങൾക്ക് (ഗ്രൂപ്പ്) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും സംഘം ഒന്നിന് ഒരു ലക്ഷം രൂപ വീതം നഷ്ടപരിഹാരം അനുവദിച്ച് വരുന്നു.<br>മത്സ്യഫെഡ് വഴി ഗുണഭോക്താക്കൾക്ക് ഉപകരണ സുരക്ഷ പദ്ധതി മുഖേന മാനദണ്ഡങ്ങൾക്ക് വിധേയമായി, മത്സ്യബന്ധന ഉപകരണങ്ങൾക്ക് അപകടം, പ്രകൃതിക്ഷോഭം മൂലമുണ്ടാകുന്ന നാശനഷ്ടങ്ങൾ എന്നിവയ്ക്ക് നഷ്ടപരിഹാരം നൽകി വരുന്നു. എന്നാൽ മത്സ്യഫെഡ് ഗുണഭോക്താക്കളല്ലാത്ത മത്സ്യത്തൊഴിലാളികൾക്ക് പ്രകൃതി ക്ഷോഭംമൂലം മത്സ്യബന്ധന ഉപകരണങ്ങൾ നഷ്ടപ്പെട്ടാൽ മറ്റ് പദ്ധതി മാനദണ്ഡങ്ങൾക്ക് അനുസൃതമായി വായ്പ വിതരണത്തിന് മുൻഗണന നൽകുന്നുണ്ട്. |
| (ബി) | പര്യാപ്തമല്ലെങ്കിൽ ഇവർക്കുവേണ്ടി ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കി പ്രകൃതിക്ഷോഭത്തിൽ ഇവർക്കുണ്ടാകുന്ന നഷ്ടം പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോ? | (ബി) | പരമ്പരാഗത മത്സ്യബന്ധന യാനങ്ങൾക്ക് നടപ്പ് സാമ്പത്തിക വർഷം ഇൻഷ്വറൻസ് പരിരക്ഷ ഏർപ്പെടുത്തുന്നതിനുള്ള പദ്ധതി പരിശോധിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ